**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 816** **11-02-2025 - ൽ മറുപടിയ്ക്ക്**

**പട്ടികവർഗ്ഗ സങ്കേതങ്ങളിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.പി.മോഹനൻ** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പട്ടികവർഗ്ഗ സങ്കേതങ്ങളിൽ അടുത്ത കാലത്തായി വന്യജീവി ആക്രമണങ്ങൾ വർധിച്ചു വരുന്നതായും ആളുകൾക്ക് ജീവഹാനി സംഭവിക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ; | (എ) | **ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.**<br><br>**വന്യജീവി ആക്രമണങ്ങൾ തടയുന്നതിനായി റെയിൽ ഫെൻസിംഗ്, സോളാർ തൂക്ക് വേലി, ട്രഞ്ച് എന്നിവ സ്ഥാപിക്കുന്നതിനുള്ള നടപടികൾ വനംവകുപ്പുമായി ചേർന്ന് സ്വീകരിച്ചു വരുന്നു.** |
| (ബി) | പട്ടികവർഗ്ഗ സങ്കേതങ്ങളിലെ രാത്രികാല സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് തെരുവ് വിളക്കുകൾ സ്ഥാപിക്കുന്ന കാര്യം ഗൗരവപൂർവ്വം പരിഗണിക്കുമോ; | (ബി) | പട്ടികവർഗ്ഗ വികസന വകുപ്പിന്റെ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തിയും, അനർട്ട്, എം.പി ലാഡ്സ്, ഗ്രാമപഞ്ചായത്തുകളുടെ റ്റി.എസ്.പി ഫണ്ടിൽ ഉൾപ്പെടുത്തിയും തെരുവ് വിളക്കുകൾ സ്ഥാപിച്ചു വരുന്നു. |
| (സി) | കൂത്തുപറമ്പ് നിയോജക മണ്ഡലത്തിലെ കണ്ണവം വനമേഖല ഉൾപ്പെടുന്ന പട്ടികവർഗ്ഗ സങ്കേതങ്ങളിൽ പ്രത്യേക പദ്ധതിയിൽ ഉൾപ്പെടുത്തി ലൈൻ വലിച്ച് തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിന് ഫണ്ട് അനുവദിക്കുമോ; വ്യക്തമാക്കുമോ? | (സി) | കണ്ണവം വനമേഖല ഉൾപ്പെടുന്ന പട്ടികവർഗ്ഗ സങ്കേതങ്ങളിൽ പ്രത്യേക പദ്ധതിയിൽ ഉൾപ്പെടുത്തി ലൈൻ വലിച്ച് തെരുവ് വിളക്കുകൾ സ്ഥാപിക്കുന്ന വിഷയം ആവശ്യകതയുടെയും, ഊരുകൂട്ട തീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ പരിഗണിക്കുന്നതാണ്. ടി മേഖലയിൽ ഉൾപ്പെടുന്ന ചെക്കിയേരി, പെരുവ മേഖലയിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ കോളയാട് പഞ്ചായത്തിൽ നിന്നും കെ.എസ്.ഇ.ബി കോളയാട് സെക്ഷനിൽ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ടി പ്രവർത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ കെ.എസ്.ഇ.ബി ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ